LIBRARY ARCHIVES Kerala Legislative Assembly

ആദ്യ ഗഡുവായി 124.99 ലക്ഷം രൂപ കേന്ദ്ര സംസ്ഥാന വിഹിതമായി അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ടി നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പൂർത്തീകരിച്ച് വരികയുമാണ്. കൂടാതെ മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ ഉൾപ്പെടെയുള്ള സർക്കാർ സ്കൂളുകളിൽ ന്യൂനപക്ഷ മതവിഭാഗത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 9-ാം ക്ലാസിൽ പഠിക്കുന്ന ബി.പി.എൽ. വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം നടത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന വിഹിതമായി 2,57,781 രൂപ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുള്ളതുമാണ്.

മലപ്പുറം മണ്ഡലത്തിലെ ന്യൂനപക്ഷക്ഷേമ പദ്ധതികൾ

154 (1528) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ന്യൂനപക്ഷക്ഷേമ വകുപ്പുവഴി മലപ്പുറം മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികൾ നടപ്പാക്കി എന്നറിയിക്കുമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക ചെലവഴിച്ചുവെന്നും പൂർത്തീകരിച്ചോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ജില്ലാതലത്തിൽ നടപ്പിലാക്കി വരുന്ന വിധവ/വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഭവന നിർമ്മാണ പദ്ധതി, കരിയർ ഗൈഡൻസ് പദ്ധതി, വാട്ടർ അതോറിറ്റി മുഖാന്തരം നടപ്പിലാക്കി വരുന്ന കുടിവെള്ള വിതരണ പദ്ധതി എന്നിവയാണ് ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന മലപ്പുറം മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ.

(ബി) വിവരം ശേഖരിച്ചുവരുന്നു.

ന്യൂനപക്ഷക്ഷേമ ഡയറക്ടർ നിയമനം

155 (1529) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ ഡയറക്ടർ നിയമനത്തിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ നിലവിൽ നിയമിതനായ സ്വകാര്യ എയ്ഡഡ് കോളേജ് അധ്യാപകനായ ശ്രീ. പി. നസീറിന് ഉണ്ടോ; ഇത് സർക്കാർ അംഗീകരിച്ച സ്ഥിരം നിയമനം ആണോ; പ്രസ്തുത തസ്തികയിലെ ശമ്പളവും മറ്റ് അലവൻസുകളും എത്രയാണ്; വിശദാംശം വ്യക്തമാക്കുമോ;

(സി) പി. നസീറിന്റെ നിയമനം സംബന്ധിച്ച് ചീഫ് സെക്രട്ടറി നിയമ/ധന/ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറിമാർ കടുത്ത എതിർപ്പ് രേഖപ്പെടുത്തിയിട്ടും, സ്വകാര്യ എയ്ഡഡ് കോളേജ് അധ്യാപകൻ എന്ന പദവിയിലുള്ള പ്രസ്തുത വ്യക്തിയെ തന്നെ നിയമിക്കാനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഗവൺമെന്റ് സെക്രട്ടറി പദവിയിലുള്ള തസ്തികയിൽ ഇപ്രകാരം സ്വകാര്യ എയ്ഡഡ് കോളേജ് അധ്യാപകനെ ഡയറക്ടറാക്കി നിയമിച്ചത് സർക്കാർ അംഗീകരിച്ചുവോ;

(ഇ) എങ്കിൽ പ്രസ്തുത നിയമവിരുദ്ധ നിയമനത്തിന് അനുമതി നൽകാൻ കാരണമായ നിയമോപദേശം ലഭിച്ചത് എവിടെനിന്നാണ് എന്ന് വ്യക്തമാക്കുമോ;

(എഫ്) സ്വകാര്യ എയ്ഡഡ് കോളേജ് അധ്യാപകൻ 20-1-2016 മുതൽ സർക്കാർ സ്ഥാപനത്തിലെ ഡയറക്ടർ ആയത് തടയുവാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ജി) സ്വകാര്യ കോളേജ് അധ്യാപക തസ്തികയിലൂടെ ന്യൂനപക്ഷ ഡയറക്ടറായി ഐ.എ.എസ്. പദവിയിലെത്തുന്ന ഇത്തരം ഉദ്യോഗസ്ഥരെ തൽസ്ഥാനത്ത് നിന്നും മാറ്റി നിർത്തി നിയമനത്തിലെ തട്ടിപ്പുകൾ സംബന്ധിച്ച് ഒരു ഉന്നതതല അന്വേഷണം നടത്താൻ തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ജി) ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർ തസ്തികയ്ക്ക് യോഗ്യത/ശമ്പളം/അലവൻസ് എന്നിവ നിശ്ചയിച്ചിട്ടില്ല. ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർ തസ്തികയിൽ ഡോ. പി. നസീറിന് സ്ഥിരനിയമനം നൽകി സർക്കാർ ഉത്തരവ് ഇതുവരെയും പുറപ്പെടുവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly